**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - വ്യവസായ വകുപ്പിന്റെയും മലിനീകരണ നിയന്ത്രണ ബോർഡിന്റെയും അംഗീകാരമുള്ള 5 HP - യിൽ താഴെ ശേഷിയുള്ള ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുന്ന വ്യവസായ യൂണിറ്റുകളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ലൈസൻസിൽ നിന്നും ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ )നം. 160/2020/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം: 21.01.2020

---

പരാമർശം: 1) വ്യവസായ വകുപ്പിന്റെ 13.11.2017 തീയതിയിലെ സ.ഉ(കൈ) 116/2017/വ്യവ നമ്പർ ഉത്തരവ്.

2) വ്യവസായ വകുപ്പിന്റെ 27.02.2018 തീയതിയിലെ സ.ഉ(കൈ) 12/2018/വ്യവ നമ്പർ ഉത്തരവ്.

3) നാഷണൽ കൗൺസിൽ ഫോർ നാനോ ആന്റ് മൈക്രോ എന്റർപ്രൈസസ് പ്രസിഡന്റ് ശ്രീ. ബിജു സി. വള്ളുവനാടൻ സമർപ്പിച്ച അപേക്ഷ.

**<u>ഉത്തരവ്</u>**

(1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 (Section 233B) പ്രകാരവും മുൻസിപ്പാലിറ്റി ആക്ട് 1994 (Section 450) പ്രകാരവും വ്യവസായ വകുപ്പിന്റേയും മലിനീകരണ നിയന്ത്രണ ബോർഡിന്റേയും അംഗീകാരമുള്ള 5 HP - യിൽ താഴെ ശേഷിയുള്ള ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുന്ന വ്യവസായ യൂണിറ്റുകൾക്ക് പഞ്ചായത്ത്, മുൻസിപ്പാലിറ്റി എന്നിവയുടെ അനുമതി ആവശ്യമില്ലായെന്ന പരാമർശം (1) ലെ ഉത്തരവിലെ വ്യവസ്ഥ ചെയ്തിരിക്കുന്നുവെങ്കിലും ഇതു സംബന്ധിച്ച സർക്കാർ ഉത്തരവുകൾ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടില്ല. ആയതിനാൽ വീടുകളിൽപോലും കുടുംബശ്രീ യൂണിറ്റുകളുടെ പേരിലോ മറ്റോ ഇതുപോലുള്ള വ്യവസായങ്ങൾ തുടങ്ങാൻ സാധിക്കുന്നില്ല എന്ന് ചൂണ്ടിക്കാട്ടിക്കൊണ്ട് പരാമർശം (3) പ്രകാരം നിവേദനം സർക്കാരിൽ ലഭിയ്ക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 (Section 233B) പ്രകാരവും മുൻസിപ്പാലിറ്റി ആക്ട് 1994 (Section 450) പ്രകാരവും വ്യവസായ വകുപ്പിന്റേയും മലിനീകരണ നിയന്ത്രണ ബോർഡിന്റേയും അംഗീകാരമുള്ള 5 HP - യിൽ താഴെ ശേഷിയുള്ള ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുന്ന വ്യവസായ യൂണിറ്റുകൾക്ക് പഞ്ചായത്ത്, മുൻസിപ്പാലിറ്റി എന്നിവയുടെ അനുമതി



Scanned by CamScanner

ആവശ്യമില്ലായെന്നുള്ളതിനാൽ നാനോ ഹൗസ് ഹോൾഡ് യൂണിറ്റുകളെ പരാമർശം (1) ലെ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശത്തിൽ പ്രതിപാദിച്ചിരിക്കും പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നൽകുന്ന ലൈസൻസ് എടുക്കുന്നതിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സബിത എസ് ഡി**

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. } എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും അറിയിയ്ക്കുന്നതിലേയ്ക്കായി

ശ്രീ ബിജു സി. വള്ളുവനാടൻ, പ്രസിഡന്റ്, നാഷണൽ കൗൺസിൽ ഫോർ നാനോ ആന്റ് മൈക്രോ എന്റർപ്രൈസസ്, LIG 565, പനമ്പിള്ളി നഗർ, കൊച്ചി.

പ്രിൻസിപ്പൽഅക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ/എൽ.ബി.എ),കേരള,തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ട്രഷറി വകുപ്പ്

വ്യവസായ(ബി)വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഉത്തരവ് വെബ് പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ആർ സി3/372/2019/ ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Scanned by CamScanner